"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 2024 ഡിസംബർ 3 മുതൽ 5 വരെയുള്ള തീയതികളിൽ സൗദി അറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽ സിറ്റിയിൽ വെച്ച് നടന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ശ്രീ. എം.കെ.വർഗ്ഗീസ്, തൃശ്ശൂർ മേയർ, ശ്രീ. വർഗ്ഗീസ് കണ്ടംകുളത്തി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ യാത്രയ്ക്ക് സാധൂകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2373/2024/LSGD തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:-

1. Royal Commission in Jubail - ൽ നിന്നുള്ള 08.11.2024 തിയതിയിലെ iHXaVm റഫറൻസ് നമ്പർ കത്ത്.
2. തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ 03.10.2024, 25.11.2024 തീയതികളിലെ കത്തുകൾ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.11.2024 തിയതിയിലെ LSGD/PD/35261/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

യുനസ്കോ അംഗീകരിച്ച ലേണിംഗ് സിറ്റീസ് പദ്ധതിയിൽ ഉൾപെട്ടിട്ടുള്ള തൃശ്ശൂർ കോർപ്പറേഷനെ സൗദി അറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽ സിറ്റിയിൽ വെച്ച് നടക്കുന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിന് പരാമർശം - (1) പ്രകാരം ക്ഷണിച്ചിരുന്നു. തൃശ്ശൂർ കോർപ്പറേഷനെ പ്രതിനിധീകരിച്ച് ശ്രീ. എം.കെ.വർഗ്ഗീസ്(മേയർ), ശ്രീ. വർഗ്ഗീസ് കണ്ടംകുളത്തി (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) എന്നിവർ 2024 ഡിസംബർ 3 മുതൽ 5 വരെ നടക്കുന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതിനും ആയതിലേക്കുള്ള ചിലവിനത്തിൽ ഒരാൾക്ക് 162,200/- രൂപ വെച്ച് രണ്ട് പേർക്ക് ആകെ 324,400/-(മൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി നാനൂറ് രൂപ മാത്രം) രൂപ തൃശ്ശൂർ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പരാമർശം - (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു. പരാമർശം - (3) പ്രകാരം യാത്രയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. യുനസ്കോ അംഗീകരിച്ച ലേണിംഗ് സിറ്റീസ് പദ്ധതിയുടെ ഭാഗമായി, 2024- ഡിസംബർ 3 മുതൽ 5 വരെ സൗദി അറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽ സിറ്റിയിൽ വെച്ച് നടന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ ശ്രീ. എം.കെ.വർഗ്ഗീസ്(മേയർ), ശ്രീ. വർഗ്ഗീസ് കണ്ടംകുളത്തി(വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ മാൻ ) എന്നിവർ പങ്കെടുത്ത നടപടിയ്ക്ക് സാധൂകരണം നൽകിയും ആയതിലേക്കുള്ള ചിലവിനത്തിൽ ആവശ്യമായി വരുന്ന 324,400/-(മൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) തൃശ്ശൂർ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

മേയർ/സെക്രട്ടറി, ത്യൃശ്ശൂർ കോർപ്പറേഷൻ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/158/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 06-12-2024 15:43:49
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.